**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുനാവായ ഗ്രാമ പഞ്ചായത്ത് പട്ടികജാതിയിൽപെടുന്ന മൂന്ന് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി - ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ) നം.693/17/തസ്വഭവ          തിരുവനന്തപുരം,          തീയതി : 14/03/2017.

പരാമർശം - 1. തിരുനാവായ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 27/6/2015 ലെ എ 3/1616/2015 നം. കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2016 - ലെ യോഗത്തിലെ 3.30 നം. തീരുമാനം.

### ഉത്തരവ്

തിരുനാവായ ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2013-14 വർഷത്തിൽ ഭൂരഹിതഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ധനസഹായം ലഭിക്കുന്നതിന് ഗുണഭോക്താക്കളായി ശ്രീമതി, ദിവ്യ w/o വിജയൻ വെള്ളിയോട്ടുപടി അനന്താവൂർ, ശ്രീമതി, വിഷ്ണുപ്രിയ w/o നിഷിൽകുമാർ വെള്ളിയോട്ടുപടി അനന്താവൂർ, രാജൻ s/o മുത്തുകുമാർ വെള്ളിയോട്ടുപടി അനന്താവൂർ എന്നിവരെ തെരെഞ്ഞെടുത്തിരുന്നു എന്നും, ആയത് 7.2.2014 ലെ 1 (11) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയിരുന്നു എന്നും പരാമർശം ഒന്ന് പ്രകാരം തിരുനാവായ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗുണഭോക്താക്കളായ 3 പേർ പദ്ധതി പ്രകാരം സ്ഥലം വാങ്ങി രേഖകൾ പഞ്ചായത്തിൽ ഹാജരാക്കി പരിശോധിച്ചതിൽ നിന്നും 3 പേരും വാങ്ങിയത് നഞ്ചയിൽപ്പെട്ട സ്ഥലമാണെന്ന് ബോധ്യപ്പെടുകയും, നിലവിലെ നിയമപ്രകാരം നഞ്ചയിൽപ്പെട്ട സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് അനുവാദമില്ലാത്തതിനാൽ ടി പ്രവർത്തി നടത്തിയതിന് തുക കൊടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ തുക കൊടുത്തിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വളരെയധികം സാമ്പത്തിക പരാധീനതയനുഭവിക്കുന്ന പട്ടികജാതിയിൽപ്പെട്ട മൂന്ന് കുടുംബങ്ങളാണ് ടി പ്രവർത്തി നടത്തിയിരിക്കുന്നത് എന്നും, ടി വ്യക്തികളുടെ അറിവില്ലായ്മമൂലമാണ് നഞ്ചഭൂമി വാങ്ങി ബുദ്ധിമുട്ടിലായത് എന്നും, ഈ സാഹചര്യത്തിൽ ടി സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് ആവശ്യമായ തുക നൽകുന്നതിനുള്ള അനുവാദം നൽകണമെന്നും തിരുനാവായ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുനാവായ ഗ്രാമ പഞ്ചായത്തിൽ നിന്നും 2013-14 വർഷത്തിൽ വീട് വയ്ക്കുന്നതിന് സ്ഥലം ലഭിക്കുന്നതിനായി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട മേൽപറഞ്ഞ പട്ടികജാതിയിൽപ്പെട്ട 3 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഭാഗമായി വാങ്ങിയ സ്ഥലത്തിന് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി,തിരുനാവായ ഗ്രാമ പഞ്ചായത്ത് ,മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ